ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:16.11.2024**

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

2. അർഹമായ സമയത്ത് വയനാടിനായി കേന്ദ്രത്തിന്റെ പുനരധിവാസ പാക്കേജ് ഉണ്ടാകുമെന്നും സ്ഥലം കണ്ടെത്തേണ്ടത് സംസ്ഥാന സർക്കാരാണെന്നും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

3. ശബരിമല മണ്ഡല തീർത്ഥാടനം കുറ്റമറ്റതാക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് മന്ത്രി വിഎൻ വാസവൻ.

4. പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിൽ.

5. സംസ്ഥാന ശാസ്ത്രമേള ആലപ്പുഴയിൽ പുരോഗമിക്കുന്നു; 180 ഇനങ്ങളിലായി മത്സരിക്കുന്നത് 5,000 വിദ്യാർഥികൾ.

6. ദക്ഷിണാഫ്രിക്കക്ക് എതിരായ ടി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യ 3-1 ന് സ്വന്തമാക്കി.

***********************************

RNU TVPM

ഹെഡ്‌ലൈൻ-1

## പ്രധാനമന്ത്രി ത്രിരാഷ്ട്ര സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും. നൈജീരിയ, ബ്രസീൽ, ഗയാന എന്നിവിടങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുക. നൈജീരിയയുമായുള്ള തന്ത്രപരമായ പങ്കാളിത്തം അവലോകനം ചെയ്യുന്നതിനും ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നതിനുമായുള്ള ചർച്ചകളിൽ ശ്രീ. മോദി പങ്കെടുക്കും. നൈജീരിയയിലെ ഇന്ത്യൻ സമൂഹത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും. നൈജീരിയയിൽ നിന്ന് ജി 20 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി തിങ്കളാഴ്ച ബ്രസീലിയൻ നഗരമായ റിയോ ഡി ജനീറോയിലേക്ക് തിരിക്കും. ചൊവ്വാഴ്ച ഗയാന സന്ദർശിക്കുന്ന പ്രധാനമന്ത്രി വ്യാഴാഴ്ച മടങ്ങും.

****************************************

RNU TVPM

ഹെഡ്‌ലൈൻ-2

## ജോർജ്ജ് കുര്യൻ

ചട്ടങ്ങൾ പാലിച്ച് മാത്രമേ വയനാട് ഉരുൾപൊട്ടലിനെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ കഴിയൂവെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. ലെവൽ ത്രീ ദുരന്തമായി പ്രഖ്യാപിക്കാനും ചട്ടങ്ങൾ പാലിക്കേണ്ടതുണ്ട്. കേന്ദ്രം നൽകിയ 782 കോടി രൂപ നിലവിൽ കേരളത്തിന്റെ കൈവശമുണ്ട്. അർഹമായ സമയത്ത് കേന്ദ്രത്തിന്റെ പുനരധിവാസ പാക്കേജ് ഉണ്ടാകുമെന്നും സ്ഥലം കണ്ടെത്തേണ്ടത് സംസ്ഥാന സർക്കാരാണെന്നും ജോർജജ് കുര്യൻ കുമളിയിൽ പറഞ്ഞു.

****************************************

## മന്ത്രി കെ രാജൻ

ഒരു ദുരന്തബാധിത സംസ്ഥാനത്തോട് കാണിക്കാൻ പാടില്ലാത്ത നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചതെന്ന് റവന്യൂ മന്ത്രി കെ.രാജൻ. IMCT യുടെ

റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഉന്നതതല ആലോചന നടത്തുമെന്ന് കേന്ദ്രത്തിൻറെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് പുനരധിവാസ പാക്കേജിൽ വീണ്ടും പ്രതീക്ഷ വയ്ക്കുന്നുവെന്നും മന്ത്രി തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.
***************************************

## ഗവർണർ-വയനാട് പ്രതികരണം

വയനാടിന്റെ പുരുദ്ധാരണത്തിന് നിലവിലുള്ള എസ് ഡി ആർ എഫ് ഫണ്ടിൽ നിന്നുള്ള തുക ചെലവഴിച്ചശേഷം, അതിന്റെ റിപ്പോർട്ടോടുകൂടി കൂടുതൽ തുക കേന്ദ്രത്തോട് ആവശ്യപ്പെടുകയാണ് വേണ്ടതെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. വയനാടിന് വേണ്ടതെല്ലാം നൽകുമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിട്ടുണ്ടെന്നും എറണാകുളത്ത് മാധ്യമപ്രവർത്തകരോട് ഗവർണർ പ്രതികരിച്ചു.
***************************************

ഹെഡ്‌ലൈൻ-4

## പാലക്കാട്-ഉപതെരഞ്ഞെടുപ്പ് (ഇൻട്രോ)

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിലാണ്. വോട്ട് ഉറപ്പിക്കാനുള്ള ഓട്ടത്തിന്റെ അവസാന ലാപ്പിലാണ് സ്ഥാനാർത്ഥികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....**

**(വോയിസ്)**

***************************************

## ഝാൻസി മെഡിക്കൽ കോളേജ്

ഉത്തർപ്രദേശിലെ ഝാൻസി മെഡിക്കൽ കോളേജിലെ NICU-വിൽ ഉണ്ടായ തീപിടുത്തത്തിൽ 10-ഓളം നവജാത ശിശുക്കൾ കൊല്ലപ്പെട്ടു. NICU-വിൽ ഉണ്ടായ ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്ന് ജില്ലാ മജിസ്ട്രേറ്റ് അവിനാഷ് കുമാർ വ്യക്തമാക്കി. കുട്ടികളുടെ ബന്ധുക്കൾക്ക്

RNU TVPM

പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ അനുവദിച്ചു. പരിക്കേറ്റവർക്ക് അൻപതിനായിരം രൂപ നൽകുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹ മാധ്യമത്തിൽ അറിയിച്ചു.
***************************************

## നഗരസഭ-തൊഴിലാളി പ്രതിഷേധം

തിരുവനന്തപുരം നഗരസഭയിൽ വീണ്ടും ശുചീകരണ തൊഴിലാളികളുടെ പ്രതിഷേധം. ജാതീയ അധിക്ഷേപം നടത്തിയ വാർഡ് കൗൺസിലർ മാപ്പ് പറയണം, പോലീസ് പിടിച്ചെടുത്ത വാഹനം വിട്ടു കിട്ടണം എന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിഷേധം. നഗരസഭാ കവാടത്തിന് മുകളിൽ കയറിയ 4 തൊഴിലാളികൾ ആത്മഹത്യാ ഭീഷണി മുഴക്കി. ഇവരെ പോലീസും ഫയർ ഫോഴ്സുമെത്തി അനുനയിപ്പിച്ച് താഴെയിറക്കുകയും സമരക്കാരെ അറസ്റ്റ് ചെയ്ത് നീക്കുകയും ചെയ്തു. അതേസമയം പ്രതിഷേധിക്കുന്നവർ നഗരസഭാ കരാർ തൊഴിലാളികളോ, അംഗീകൃത ശുചീകരണ തൊഴിലാളികളോ അല്ലെന്നാണ് നഗരസഭയുടെ വിശദീകരണം.
***************************************

## ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം

ജലസംരക്ഷണപ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കണമെന്ന് ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം ജോയിൻറ് സെക്രട്ടറിയും ജൽ ശക്തി അഭിയാൻ കേന്ദ്ര നോഡൽ ഓഫീസറുമായ സൗരഭ് ജെയ്ൻ. ജൽശക്തി അഭിയാൻ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സന്ദർശിച്ച ശേഷം നടന്ന അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മഴവെള്ള സംഭരണത്തെക്കുറിച്ചും ജലസംരക്ഷണത്തെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം വളർത്തണമെന്നും ശ്രീ സൗരഭ് ജയിൻ വ്യക്തമാക്കി.

RNU/TVPM

**************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**************************************

ഹെഡ്‌ലൈൻ-6

## ക്രിക്കറ്റ്

ദക്ഷിണാഫ്രിക്കക്ക് എതിരായ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യക്ക് 135 റൺസ് ജയം. ഇതോടെ പരമ്പര ഇന്ത്യ 3-1ന് സ്വന്തമാക്കി. ഇന്ത്യ ഉയർത്തിയ 284 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക 148 റൺസിന് പുറത്തായി. ഇന്ത്യക്കു വേണ്ടി സഞ്ജു സാംസണും തിലക് വർമയും സെഞ്ച്വറി നേടി.

**************************************

RNU TVPM

ഹെഡ്‌ലൈൻ-3

## ശബരിമല (ഇൻട്രോ)

മണ്ഡല-മകരവിളക്ക് തീർഥാടനത്തിനായി കാലേകൂട്ടി തുടങ്ങിവെച്ച മുന്നൊരുക്കങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞതായും തീർഥാടകർക്ക് സംതൃപ്തി ഉറപ്പാക്കുന്ന സാഹചര്യം സന്നിധാനത്തുൾപ്പെടെ ഒരുക്കിയിട്ടുണ്ടെന്നും ദേവസ്വം വകുപ്പ് മന്ത്രി വി.എൻ.വാസവൻ. ശബരിമല ഗസ്റ്റ് ഹൗസിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വെർച്വൽ ക്യൂ ബുക്കിങ് വർദ്ധിപ്പിക്കണമോയെന്ന് കണക്ക് പരിശോധിച്ച് തീരുമാനിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയിസ്)
**************************************

## സന്ദീപ് വാര്യർ-കോൺഗ്രസ്

ബിജെപി സംസ്ഥാന കമ്മിറ്റി അംഗമായിരുന്ന സന്ദീപ് വാര്യർ കോൺഗ്രസിൽ ചേർന്നതായി കെ.പി.സി.സി അധ്യക്ഷൻ കെ.സുധാകരൻ പാലക്കാട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സന്ദീപ് വാര്യരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു. കോൺഗ്രസ് നേതൃത്വവുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് സന്ദീപ് പാർട്ടിയിൽ ചേർന്നത്.
**************************************

## ചാമ്പ്യൻസ് ബോട്ട് ലീഗ്

ചാമ്പ്യൻസ് ബോട്ട് ലീഗ് സീസൺ ഉദ്ഘാടന മത്സരവും കോട്ടയം മത്സരവള്ളംകളിയും ഇന്ന് താഴത്തങ്ങാടിയിൽ മന്ത്രി P A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് ആരംഭിക്കുന്ന വള്ളം കളിയിലെ ജേതാക്കൾക്ക് വൈകിട്ട് ജില്ലാ പൊലീസ് മേധാവി A ഷാഹുൽ ഹമിദ് സമ്മാനങ്ങൾ വിതരണം ചെയ്യും.
**************************************

PNUTVPM

## കൽപ്പാത്തി-രഥോത്സവം

മൂന്നു ദിവസത്തെ രഥപ്രയാണത്തിനും ഇന്നലെ വൈകീട്ട് നടന്ന ദേവരഥ സംഗമത്തിനും ശേഷം പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന് കൊടിയിറങ്ങി. രാവിലെ അഗ്രഹാര ക്ഷേത്രങ്ങളിൽ വിവിധ ചടങ്ങുകളോടെയാണ് ധ്വജാവരോഹണം നടന്നത്. തുടർന്ന് ക്ഷേത്രങ്ങളിൽ ദീപാരാധനയും നടന്നു.
**************************************

ഹെഡ്‌ലൈൻ-5

## ആലപ്പുഴ - ശാസ്ത്രോത്സവം (ഇൻട്രോ)

പുതിയ ആശയങ്ങളും പരീക്ഷണങ്ങളുമായി സംസ്ഥാന ശാസ്ത്രോത്സവം ആലപ്പുഴയിൽ പുരോഗമിക്കുന്നു. ഇന്നും നാളെയുമായി 180 ഇനങ്ങളിലായി 5,000-ത്തോളം പ്രതിഭകളാണ് മേളയിൽ മാറ്റുരയ്ക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ....**

(വോയിസ്)

**************************************

## വയനാട്-ഹർത്താൽ

ചുരൽമല ഉരുൾ പൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിലും സാമ്പത്തിക സഹായം വൈകുന്നതിലും പ്രതിഷേധിച്ച് ഈ മാസം 19 ന് യുഡിഎഫും എൽഡിഎഫും വയനാട്ടിൽ ഹർത്താലിന് ആഹ്വാനം ചെയ്തു. രാവിലെ ആറ് മുതൽ വൈകുന്നേരം ആറു വരെയാണ് ഹർത്താൽ ആചരിക്കുക. കേന്ദ്ര നിലപാടിൽ പ്രതിഷേധിച്ച് എൽഡിഎഫ് ഇന്ന് ജില്ലയിലെ നിയോജകമണ്ഡലം ആസ്ഥാനങ്ങളിൽ നൈറ്റ് മാർച്ചും സംഗമവും നടത്തുന്നുണ്ട്.

RNU TVPM

**************************************

## പ്രധാൻ മന്ത്രി പോഷൺ

പ്രധാൻ മന്ത്രി പോഷൺ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി കണ്ണൂർ പാപ്പിനിശേരി ഉപജില്ലയിലെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ പബ്ലിക് ഹിയറിങ് പൂർത്തിയായി. സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായാണ് ഹിയറിംഗ് നടത്തിയത്.

**************************************

## വിആർ കൃഷ്ണയ്യർ

പ്രൊബേഷൻ ദിനാചരണത്തിന്റെയും ജസ്റ്റിസ് വിആർ കൃഷ്ണയ്യർ ജൻമദിനാചരണത്തിന്റെയും ഭാഗമായി കണ്ണൂരിൽ ജുഡീഷ്യൽ ഓഫീസർമാർക്കായി ശിൽപശാല സംഘടിപ്പിച്ചു. തലശ്ശേരി പ്രിൻസിപ്പൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജും

ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി ചെയർമാനുമായ കെ ടി നിസാർ അഹമ്മദ് ഉദ്ഘാടനം ചെയ്തു.
**************************************

## ടിയാരി' - പദപ്രയോഗം

ഭരണരംഗത്ത് ടിയാൻ എന്ന പദത്തിൻ്റെ സ്ത്രീലിംഗമായി ടിയാരി എന്ന് വ്യാപകമായി ഉപയോഗിക്കേണ്ടെന്ന് ഉദ്യാഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻറെ ഉത്തരവ്. മേൽപ്പടിയാൻ അല്ലെങ്കിൽ പ്രസ്തുത ആൾ എന്ന രീതിയിൽ ഉപയോഗിക്കുന്ന ടിയാൻ എന്നതിൻ്റെ സ്ത്രീലിംഗമായി ടിയാൾ എന്നതിനു പകരം ടിയാരി എന്ന് ഉപയോഗിക്കുന്നത് അനുചിതമാണെന്ന് കരുതുന്നതിനാലാണ് വിഷയത്തിൽ മാർഗനിർദേശം നൽകിയത്.

*

**************

*****************************************************************

RNU TVPM